(എഫ്) പൈപ്പ്‌ലൈൻ പോയ പുറമ്പോക്ക് ഭൂമിയെ സംബന്ധിച്ച് കൃത്യത ഉണ്ടായിരിക്കെ, കയ്യേറ്റം ഒഴിപ്പിക്കാൻ ഉത്തരവ് നൽകാതെ, സെറ്റിൽ ചെയ്യാൻ മുഖ്യമന്ത്രി ഉത്തരവ് നൽകിയത് എന്തുകൊണ്ടായിരുന്നു;

(ജി) പൈപ്പ്‌ലൈനിന്റെ സമ്പൂർണ്ണ അധികാരം വാട്ടർ അതോറ്റിക്കാണോ; എങ്കിൽ ജലവിഭവ വകുപ്പിനെ അവഗണിച്ചുകൊണ്ട് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയത് നിയമാനുസൃതമായിരുന്നുവോ; വിശദമാക്കാമോ; ഇത് സംബന്ധമായ വിജിലൻസ് എ.ഡി.ജി.പി.-യുടെ കണ്ടെത്തൽ എന്തായിരുന്നു; പുറമ്പോക്കിലെ ഫ്ളാറ്റ് സമുച്ചയ നിർമ്മാണത്തിന് നൽകിയ എൻ.ഒ.സി.-കൾ റദ്ദാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പാറ്റൂർ കേസ്സിൽ ലോകായുക്ത നിയമം സെക്ഷൻ 9(3) പ്രകാരമുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് നൽകാൻ ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്.-നെ ചുമതലപ്പെടുത്തുകയാണ് ലോകായുക്ത ചെയ്തത്. ലോകായുക്ത വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടില്ല.

(ബി-ജി) WP(C) No.379/15-ലെ വിധിന്യായ പ്രകാരം പ്രിലിമിനറി എൻക്വയറി റിപ്പോർട്ടുകൾ അതിന്റെ ഫൈനൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്നത് വരെ ലോകായുക്ത നിയമത്തിന്റെ പതിനേഴാം വകുപ്പ് പ്രകാരം രഹസ്യ സ്വഭാവത്തിലുള്ള ഡോക്യുമെന്റായി സൂക്ഷിക്കണമെന്ന് പറയുന്നുണ്ട്. അതിനാൽ ലോകായുക്തയ്ക്ക് ശ്രീ ജേക്കബ് തോമസ് ഐ.പി.എസ്. നൽകിയ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടില്ല.

പാറ്റൂർ ഭൂമി ഇടപാട്, വിജിലൻസ് അന്വേഷണ റിപ്പോർട്ട്

244 (250) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂർ ഭൂമി ഇടപാടിൽ വിജിലൻസ് അന്വേഷിച്ച് കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ ; അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരെല്ലാം എടുത്ത തീരുമാനത്തിന്റെയും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് പാറ്റൂരിലെ സർക്കാർ ഭൂമി, റിയൽ എസ്റ്റേറ്റ് മുതലാളിക്ക് മറിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമവിരുദ്ധമായ തീരുമാനം എടുത്ത് പൊതുസ്വത്ത് നഷ്ടപ്പെടുത്തിയ ഉന്നതരെയെല്ലാം പ്രതി ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ കേസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) പാറ്റൂർ ഭൂമി ഇടപാട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

പാറ്റൂർ ഭൂമി കംഭകോണം സംബന്ധിച്ച വിജിലൻസ് അന്വേഷണം

245 (251) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറ്റൂർ ഭൂമി കുംഭകോണം സംബന്ധിച്ച വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർക്ക് ലഭിച്ച നിയമ ഉപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ലഭിച്ച നിയമ ഉപദേശത്തിന്റെ പശ്ചാത്തലത്തിൽ വിജിലൻസ് ഡയറക്ടർ, ആർക്കെല്ലാം കത്തുകൾ അയച്ചിട്ടുണ്ട് ; ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി, ആരെല്ലാം ആവശ്യപ്പെട്ടത് പ്രകാരമാണ് കത്തുകൾ അയച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാന ചീഫ് സെക്രട്ടറിയെ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടിൽ എന്തെല്ലാം ഉന്നയിക്കപ്പെട്ടിട്ടുണ്ടായിരുന്നു ?

ഉത്തരം

(എ) പാറ്റൂർ ഭൂമി കുംഭകോണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രഥമ വിവര റിപ്പോർട്ട് ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി-ഡി) പാറ്റൂർ ഭൂമി കുംഭകോണം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല, അതിനാൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly